സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 5, (ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II) കാറ്റഗറി 12 (ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ) എന്നീ തസ്തികകളുടെ ഫീഡർ കാറ്റഗറിയിൽനിന്നും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി വരുത്തിയതിനുശേഷം മാത്രമേ 73 ജൂനിയർ സൂപ്രണ്ട് തസ്തികകളിലും 22 ക്ലാർക്ക് തസ്തികകളിലും നിയമനം നടത്താവുവെന്ന നിബന്ധനയുണ്ട്. നിയമനങ്ങൾ വേഗത്തിലാക്കാൻ വേണ്ടിയുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. 35 സൂപ്പർവൈസർ തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ശ്രീമതി ഡോളി ജോർജിന്റെ അപേക്ഷ

267 (3474) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-2-1990 ൽ ജോലിയിൽ പ്രവേശിച്ച് 30-11-2013 സി.ഡി.പി.ഒ. ആയി റിട്ടയർ ചെയ്ത ശ്രീമതി ഡോളി. കെ. ജോർജിന് സർവ്വീസിലുള്ള മൂന്നാമത്തെ ഗ്രേഡ് ലഭിക്കുന്നതിനായി 22-4-2014 ന് സമർപ്പിച്ച അപേക്ഷയിൽ സാമൂഹ്യനീതി ഡയറക്ടർ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) നിലവിലുള്ള ഉത്തരവുകൾ പ്രകാരം പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് എ.ജി. 24-1-2014 ലെ ജി. ഇ. 18/ഇ/എസ്. ഡബ്ല്യു /2013-14/9951 കത്ത് മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശ്രീമതി ഡോളി ജോർജിന് അർഹതപ്പെട്ട മൂന്നാമത്തെ ഗ്രേഡ് നൽകുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഗ്രേഡ് നൽകുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രീമതി ഡോളി കെ. ജോർജിന് ഗ്രേഡ് അനുവദിക്കുന്നതിനുള്ള 22-4-2014-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാളുടെ ഗസറ്റഡ് തസ്തികയിലെ ലീവ് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അക്കൗണ്ടന്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലീവ് വിവരങ്ങൾ ലഭ്യമാകുന്ന മുറക്ക് ഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) അക്കൗണ്ടന്റ് ജനറലിന്റെ 24-1-2014-ലെ G.E.18/E/SW/2013-14/9951 നമ്പർ കത്ത് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടില്ല. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ 12-2-2014-ലെ G.E.18/E/SW/2013-14/9892 നമ്പർ കത്ത് പ്രകാരം അറിയിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട വിഷയം പ്രതിപാദിക്കുന്ന ജീവനക്കാരുടെ ഗസറ്റഡ് തസ്തികയിൽ പ്രവേശിച്ചതുമുതലുള്ള ശമ്പള നിർണ്ണയങ്ങൾ, ലീവ് വിവരങ്ങൾ എന്നിവ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമാക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്.

തണ്ടേടം ജെണ്ടർ പാർക്ക്

268 (3475) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് മാത്രമായുള്ള ഒരു സുരക്ഷാ കേന്ദ്രമെന്ന നിലയ്ക്ക് തണ്ടേടം ജെണ്ടർ പാർക്ക് സ്ഥാപിക്കുമെന്ന് 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പദ്ധതി പ്രസ്തുത കാലയളവിൽ തന്നെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) തുടർന്നുള്ള ബഡ്ജറ്റിലും പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അനുവദിച്ചതും പിൻവലിച്ചതുമായ തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് അറിയിക്കാമോ; പാർക്ക് എവിടെയാണ് സ്ഥാപിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പാർക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ ആദ്യത്തെ ജെണ്ടർ പാർക്ക് കോഴിക്കോട് ജില്ലയിൽ വെള്ളിമാടുകുന്നിൽ സാമൂഹ്യനീതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ 2013-ൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ജെണ്ടർ പാർക്ക് താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ട് പ്രസ്തുത കാലയളവിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ജെണ്ടർ പാർക്ക് എന്ന ആശയം ആദ്യമായി കേരളത്തിലാണ് നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരത്തിൽ ഒരു സംരംഭം ആരംഭിക്കുന്നതിനായി വിശദമായ ആർക്കിടെക്ചറൽ/ ഡിസൈൻ തയ്യാറാക്കേണ്ടിയിരുന്നു. ഇതിനായി

LIBRARY ARCHIVES Kerala Legislative Assembly